# S.H.V. HIGH SCHOOL

KARAKKAD P.O., CHENGANNUR
ALAPPUZHA (DIST.), PIN-689504
PHONE: 0479 2424742




# MASTER PLAN

## 2025

# ആമുഖം

കാരയ്ക്കാട് എസ്.എച്ച്.വി. എച്ച്.എസ്സിൽ 2025–26 സ്കൂൾ വർഷം മുതൽ അഞ്ച് വർഷ കാലയളവിലേക്ക് നടപ്പിലാക്കുവാൻ തീരുമാനിച്ചിരിക്കുന്ന പദ്ധതിയുടെ കരടുരേഖ.

ഈ പദ്ധതിയുടെ വിജയത്തിനു വേണ്ടി മാനേജ്മെന്റിന്റെയും സർക്കാരിന്റെയും ത്രിതല പഞ്ചായത്തുകളുടെയും അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും വിദ്യാഭ്യാസ വിചക്ഷണരുടെയും വിദ്യാഭ്യാസ വകുപ്പിന്റെയും ആത്മാർത്ഥമായ സഹകരണങ്ങൾ ഉണ്ടാകണമെന്ന് സവിനയം അഭ്യർത്ഥിച്ചു കൊണ്ട് ഈ പദ്ധതിരേഖ സർക്കാരിനു മുമ്പാകെ സമർപ്പിച്ചു കൊള്ളുന്നു.

(ഒപ്പ്)
**ഹെഡ്മിസ്ട്രസ്**
എസ്.എച്ച്.വി. എച്ച്.എസ്.
കാരയ്ക്കാട്

കാരയ്ക്കാട്
16/08/2025

# CHAPTER-1

## ആമുഖം

# കേരളത്തിന് മാറ്റത്തിന്റെ വജ്രത്തിളക്കം

കേരള പിറവിയുടെ 60 വർഷങ്ങൾ പിന്നിടുമ്പോൾ സമഗ്രമായ മാറ്റത്തിന് 4 വികസന പദ്ധതികൾ കേരള സർക്കാർ ആവിഷ്കരിച്ചിരിക്കുന്നു. ജലവിഭവ സംരക്ഷണവും മാലിന്യ സംസ്കരണവും ജൈവ പച്ചക്കറി കൃഷിയും കോർത്തിണക്കി ഹരിത കേരളം പദ്ധതി, മികച്ച ചികിത്സാ സൗകര്യങ്ങൾ മിതമായ നിരക്കിൽ ലഭ്യമാക്കാൻ ജനസൗഹൃദയ സർക്കാർ ആശുപത്രികളുടെ നേതൃത്വത്തിൽ ആർദ്രം പദ്ധതി ഉയർന്ന ജീവിത സൗകര്യവും ജീവന ഉപാധിയും ഉറപ്പാക്കുന്ന സമ്പൂർണ്ണ പാർപ്പിട പദ്ധതി അഥവാ ലൈഫ്. കുട്ടികളുടെ കിഴിവുകളെ അടിസ്ഥാനമാക്കി പഠന രീതി ഉടച്ചുവാർക്കുന്ന സമഗ്ര വിദ്യാഭ്യാസ നവീകരണ യജ്ഞം. പൊതു വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതോടൊപ്പം പഠന മികവിലൂടെ അന്താരാഷ്ട്ര നിലവാരം കൈവരിക്കാൻ ലക്ഷ്യമിട്ട് നടപ്പാക്കുന്ന പദ്ധതിയാണ് പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം. ഒരു അക്കാദമിക വർഷത്തിൽ 200 പഠനദിനങ്ങൾ ഉറപ്പാക്കുന്നു. ഇതിന്റെ ഭാഗമായി അദ്ധഅയാപക പരിശീലനങ്ങൾ പ്രവൃത്തി ദിനങ്ങളിൽ നിന്ന് ഒഴിവാക്കി ശനിയാഴ്ചകളിൽ കൂടി ഉൾപ്പെടുത്തി നടത്താൻ ഈ തീവ്രയജ്ഞ പരിപാടിയിലൂടെ ഗവൺമെന്റ് ലക്ഷ്യമിടുന്നു. ഇതിന്റെ വിജയത്തിലേക്കായി 200 പഠന ദിനങ്ങളും 1000 പഠന മണിക്കൂറുകളും വേണമെന്ന് ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി 1200 പൊതു വിദ്യാലയങ്ങളിൽ ജൈവ പാർക്ക് സ്ഥാപിക്കാൻ സ്കൂളുകൾക്ക് ഭരണാനുമതി ഗവൺമെന്റ് നൽകിയിട്ടുണ്ട്. 2021ഓടു കൂടി കേരളത്തിലെ മുഴുവൻ വിദ്യാലയങ്ങളും മികവിന്റെ കേന്ദ്രമാക്കി മാറ്റിക്കൊണ്ട് അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുക എന്നതാണ് നമ്മുടെ ലക്ഷ്യം.

നവകേരളാ മിഷന്റെ ഭാഗമായി സർക്കാർ പ്രഖ്യാപിച്ച പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞം ഫലപ്രാപ്തിയിൽ എത്തിക്കുന്നതിന്റെ മുന്നോടിയായി മുഴുവൻ സർക്കാർ-എയ്ഡഡ് വിദ്യാലയങ്ങളിലും ദീർഘകാല കാഴ്ചപ്പാടോടു കൂടിയ സമഗ്ര ഗുണമേന്മാ വിദ്യാലയ വികസന പദ്ധതി രൂപീകരിക്കുക എന്നത് ഈപദ്ധതിയുടെ മുഖ്യ ഉദ്ദേശ്യമാണ്.

## ലക്ഷ്യങ്ങൾ

അന്താരാഷ്ട്ര നിലവാരത്തിലേക്ക് വിദ്യാലയത്തിലെ ഓരോ കുട്ടികളുടേയും ധാരണകളും നൈപുണികളും ശേഷികളും മനോഭാവങ്ങളും മൂല്യങ്ങളും വികസിപ്പിക്കുന്നതിനും അതുവഴി മികവിന്റെ കേന്ദ്രമായി പൊതുവിദ്യാലയങ്ങളെ വളർത്തുന്നതിന ലക്ഷ്യം വച്ചുകൊണ്ടാണ് പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം ആരംഭിച്ചിട്ടുള്ളത്. പാഠപുസ്തകത്തിന അപ്പുറത്തേക്ക് പഠനപ്രവർത്തനത്തെ വികസിപ്പിക്കുക നിരന്തര മൂല്യനിർണയത്തിന്റെയും വിലയിരുത്തലിന്റെയും സാധ്യത പ്രയോജനപ്പെടുത്തുക തുടങ്ങിയ പാഠ്യപദ്ധതി ചട്ടക്കൂടിന്റെ (2005)നിർദ്ദേശങ്ങളും പ്രക്രിയാബന്ധിതവും പ്രവർത്തനാധിഷ്ഠിതവും ശിശുകേന്ദ്രീകൃതവുമായ പഠനമാണ് ക്ലാസ്റൂമിൽ നടക്കേണ്ടതെന്ന വിദ്യാഭ്യാസ അവകാശ നിയമം മുന്നോട്ട് വെയ്ക്കുന്ന ആശയങ്ങളിൽ ഊന്നി നിന്നുകൊണ്ടാണ് ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ നിർണ്ണയിച്ചിട്ടുള്ളത്.

1) ധാരണകളും നൈപുണ്യങ്ങളും ഓരോ കുട്ടിയുടേയും പരമാവധി കഴിവിന അനുസരിച്ച് നേടിയിട്ടുണ്ട് എന്ന് ഉറപ്പു വരുത്തുക.

2) ഓരോ കുട്ടിയുടേയും സർഗ്ഗാത്മക കഴിവുകൾ പ്രകടിപ്പിക്കുന്നതിനുള്ള അവസരം ഒരുക്കിയെടുക്കുക.

3) അന്താരാഷ്ട്ര നിലവാരത്തിലുള്ള പഠനം ഉറപ്പുവരുത്തുന്നതിന ആവശ്യമായ പഠന ഉപകരണങ്ങൾ ഭൗതിക സാഹചര്യങ്ങൾ എന്നിവ ഉറപ്പു വരുത്തുക.

4) ഉന്നത് പഠന നിലവാരം ഉറപ്പു വരുത്തുന്നതിന ഓരോ അധ്യാപകരും ശാക്തീകരണ പരിപാടികളിലും പങ്കാളിയായിട്ടുണ്ട് എന്ന് ഉറപ്പു വരുത്തുക. ICTപഠന നിലവാരം ഉയർത്തുന്നതിനു വേണ്ടി ഭൗതിക സൗകര്യങ്ങളെ അക്കാദമിക തയ്യാറെടുപ്പുകൾ നടത്തുക.

5) ഓരോ ക്ലാസ് റൂമിലും ICTഅധിഷ്ഠിത വിദ്യാഭ്യാസം ഉറപ്പു വരുത്തുന്നതിനായി ബഹുമുഖ പഠനതന്ത്രങ്ങൾ ക്ലാസ് റൂമുകളിൽ ആവിഷ്കരിക്കുക.

6) കലാകായിക പ്രവർത്തിപരിചയ മേഖലകളിൽ പ്രാവീണ്യം നേടുന്നതിന ആവശ്യമായ പരിശീലന പരിപാടികൾ സ്കൂളിൽ ആവിഷ്കരിക്കുക.

7) പഠിത്തത്തിൽ പിന്നോക്കക്കാരെ കണ്ടെത്തി പരിശീലനങ്ങൾ നൽകി അവരെ മുഖ്യധാരയിലേക്ക് കൊണ്ടുവരിക.

8) ദിനാചരണങ്ങൾ ഭംഗിയായി ആഘോഷിക്കുകയും ലൈബ്രറിയുടെ സഹായത്തോടുകൂടി കുട്ടികൾക്ക് ആകർഷകമായ പരിപാടികൾ സംഘടിപ്പിക്കേണ്ടതുണ്ട. ക്ലാസ് മുറികളിൽ ലൈബ്രറി സജ്ജീകരിക്കുക.

9) ആരോഗ്യ വിദ്യാഭ്യാസത്തിന് കൂടുതൽ പ്രാധാന്യം നൽകി ആരോഗ്യ ബോധവത്കരണ ക്ലാസുകൾ സ്കൂളിൽ സംഘടിപ്പിക്കേണ്ടതുണ്ട്.

10) പ്രകൃതി സംരക്ഷണത്തിന് കൂടുതൽ പ്രാധാന്യം നൽകിക്കൊണ്ട് പ്ലാസ്റ്റിക് ഉൽപന്നങ്ങളുടെ ഉപയോഗം കുറച്ചുകൊണ്ട് Green-protocol campus ആയി സ്കൂളിനേയും പരിസരത്തേയും പ്രഖ്യാപിക്കണം.

11) ലഹരി വസ്തുക്കൾ ഉപയോഗിക്കുന്നതു മൂലമുണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങൾ എന്തെല്ലാമെന്ന് ഡോക്ടറുടെ സഹായത്താൽ ബോധവത്കരണ ക്ലാസുകൾ നടത്തി കുട്ടികളെ പൂർണ്ണമായും ലഹരിവസ്തുക്കൾ ഉപയോഗിക്കുന്നതിൽ നിന്നും പിൻതിരിപ്പിക്കേണ്ടതാണ്.

12) സ്കൂൾ പ്രവർത്തനം ജനകീയം ആക്കുന്നതിന് ജനകീയ ഇടപെടലുകൾ ഉറപ്പുവരുത്തുക.

13) കാർഷിക സംസ്കാരം കുട്ടികളിൽ വളർത്തിയെടുക്കുക. അതോടൊപ്പം മാലിന്യനിർമാർജനം സംസ്കാരം രൂപപ്പെടുത്തിയെടുക്കുക. കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ സ്കൂൾ കോമ്പൗണ്ടിൽ വിഷരഹിത പച്ചക്കറിത്തോട്ടം നിർമ്മിക്കാൻ കൂടുതൽ ശ്രദ്ധ കൊടുക്കണം. ഇതുപോലെയുള്ള പ്രവർത്തനങ്ങൾ കാർഷിക സംസ്കാരം വളർത്തിയെടുക്കാൻ കുട്ടികൾക്ക് പ്രേരണ നൽകേണ്ടതാണ്.

14) ഭാഷാവൈകല്യം പരിഹരിക്കുന്നതിന് മാതൃഭാഷയോടൊപ്പം (English-Hindi) ഇവ അനായാസം സംസാരിക്കുന്നതിനും എഴുതുന്നതിനും കുട്ടിയെ പ്രാപ്തമാക്കുക.

15) ഗ്രൗണ്ട് നവീകരണം നടത്തി കുട്ടികൾക്ക് സ്പോട്സിനും ഗെയിംസിനും പ്രത്യേകം പരിശീലനം നൽകുവാനുള്ള കളരികൾ സംഘടിപ്പിക്കുക.

16) കുട്ടികളിലെ കലാബോധം വളർത്തുന്നതിനും മികവു തെളിയിക്കുന്നതിനുമായി കലാ അദ്ധ്യാപകന്റെ സേവനം സ്കൂളിൽ ആവശ്യമാണ്. അതോടൊപ്പം പ്രവർത്തിപരിചയ മികവ് വളർത്തിയെടുക്കുന്നതിന് craft ടീച്ചറിന്റെ സേവനം ഉറപ്പു വരുത്തുക.

17) സ്ത്രീ അമസ്ത്വങ്ങൾക്കെതിരെ പോരാടുന്നതിനു വേണ്ടി സ്ത്രീ ശാക്തീകരണ ക്ലാസുകൾ നൽകി പെൺകുട്ടികളെ ബോധവത്കരിക്കേണ്ടതാണ്.

18) ശുചിമുറികൾ ഓരോ കുട്ടിയും വൃത്തിയായി സൂക്ഷിക്കുന്നതിനും ആരോഗ്യ സുരക്ഷ ഉറപ്പാക്കേണ്ടതാണ്. She-Toiletൽ napkin winding machine സംവിധാനം ഉറപ്പു വരുത്തുക.

19) ഭിന്നശേഷിക്കാർക്കായി പ്രത്യേകം Toilet സജ്ജീകരിക്കുക.

# CHAPTER-II

# സ്കൂൾ ചരിത്രം

എം.സി. റോഡിന്റെ അഭിമുഖമായി ആലപ്പുഴ ജില്ലയിൽ ചെങ്ങന്നൂർ താലൂക്കിൽ മുളക്കുഴ വില്ലേജിൽ കാരയ്ക്കാട് എന്ന ദേശത്ത് നാടിന്റെ നട്ടെല്ലായി പ്രവർത്തിക്കുന്ന വിദ്യാഭ്യാസ സ്ഥാപനമാണ് ശ്രീധർമ്മ ശാസ്താവിന്റെ നാമധേയത്തിലുള്ള ഈ വിദ്യാലയം. 5 മുതൽ 10 വരെ ക്ലാസുകളിലായി 600-ൽ പരം വിദ്യാർത്ഥികൾ ഈ സ്കൂളിൽ പഠിക്കുന്നു. സ്കൂളിന്റെ പൂർവ്വകാല ചരിത്രം പരിശോധിച്ചാൽ എസ്.എസ്.എൽ.സി.ക്ക് സംസ്ഥാനതലത്തിൽ മൂന്നാം റാങ്ക് നേടാൻ സ്കൂളിന് സാധിച്ചിട്ടുണ്ട്. നാടിന്റെ നാനാ തുറകളിൽ വിവിധ മേഖലകളിലായി ഇന്നും ഇവിടുത്തെ പൂർവ്വ വിദ്യാർത്ഥികൾ തിളങ്ങി നിൽക്കുന്നു. പ്രശസ്തരായ ഡോക്ടർമാർ, എൻജിനീയർമാർ, സയന്റിസ്റ്റുകൾ, അദ്ധ്യാപകർ തുടങ്ങി വിവിധ മേഖലകളിൽ നമ്മുടെ പൂർവ്വ വിദ്യാർത്ഥികൾ പ്രശോഭിച്ചു വരികയാണ്. നാടിന്റെ സാമൂഹിക-സാംസ്കാരിക രാഷ്ട്രീയ ഉയർച്ചയ്ക്ക് ഈ സ്ഥാപനം നൽകിവരുന്ന പേരും പെരുമയും പ്രശംസനീയമാണ്.

കഴിഞ്ഞ കുറേ വർഷങ്ങളായി എസ്.എസ്.എൽ.സി.യ്ക്ക് 100% വിജയം കൈവരിക്കാൻ ഈ സ്ഥാപനത്തിന് കഴിഞ്ഞിട്ടുണ്ട്. സബ്ജില്ലാ-ജില്ലാതല കലാ കായിക മത്സരങ്ങളിൽ അഭിമാനാർഹമായ നേട്ടങ്ങൾ കൈവരിക്കാൻ ഈ സ്കൂളിന് സാധിച്ചിട്ടുണ്ട്.




# വിദ്യാഭ്യാസ മേഖല

അപ്പർ പ്രൈമറി ഹൈസ്കൂൾ തലങ്ങളിലായി 7 ഡിവിഷനുകൾ ഉണ്ട്. സ്കൂളിന്റെ ആരംഭകാലത്ത് ബഹുഭൂരിപക്ഷം വരുന്ന പാവപ്പെട്ട ഗ്രാമീണർക്ക് ഈ വിദ്യാലയം വളരെ പ്രയോജനപ്രദമായിരുന്നു. ഇന്നും മൂല്യാധിഷ്ഠിത വിദ്യാഭ്യാസം എല്ലാ കുട്ടികൾക്കും ലഭ്യമാക്കുന്നതിനുള്ള എല്ലാ പ്രവർത്തനങ്ങളും ചിട്ടയായി നൽകി വരുന്നു.

## കെട്ടിട സൗകര്യം

സ്കൂളിന്റെ ആരംഭകാലത്ത് നിലവിലുണ്ടായിരുന്ന കെട്ടിടമാണ് ഇന്നും സ്കൂളിന്റെ പ്രവർത്തനത്തിനായി ഉപയോഗിച്ചു വരുന്നത്. പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന ഹൈടെക് ക്ലാസ് റൂമുകളുടെ ലഭ്യത ഉറപ്പു വരുത്തുന്നതിനായി സ്കൂൾ മാനേജ്മെന്റിന്റെ നേതൃത്വത്തിൽ 12 ഹൈടെക് ക്ലാസ്റൂമുകൾ പുതുതായി നിർമ്മിച്ചുകൊണ്ടിരിക്കുന്നു. ഭൗതിക സാഹചര്യത്തിൽ മികവു പുലർത്തി ഈ വിദ്യാലയത്തെ മികവിന്റെ കേന്ദ്ര മാക്കി മാറ്റാൻ ഓരോരുത്തരും ആത്മാർത്ഥമായി ശ്രമിക്കുന്നു.

## അക്കാദമിക് രംഗം

സ്കൂളിന്റെ പ്രാരംഭ കാലഘട്ടത്തിൽ ആറന്മുള ഉപജില്ലയിലായിരുന്നു സ്കൂളിന്റെ പ്രവർത്തനം. താരതമ്യേന മികച്ച വിജയ നിലവാരം കൈവരിക്കുവാൻ ഈ വിദ്യാലയത്തിന് സാധിച്ചിട്ടുണ്ട്. ഇന്ന് തുടർച്ചയായി 100% വിജയ നിലവാരം പുലർത്തുവാൻ കഴിഞ്ഞ 13 വർഷക്കാലമായി സ്കൂളിന് സാധിച്ചിട്ടുണ്ട്. ഗണിതശാസ്ത്ര മേഖലകളിൽ ഉപജില്ലാ, ജില്ലാ മത്സരങ്ങളിൽ ഉയർന്ന ഗ്രേഡ് കരസ്ഥമാക്കാൻ സാധിച്ചിട്ടുണ്ട്. സാമൂഹ്യ ശാസ്ത്രമേള, ശാസ്ത്രമേളയിലും കുട്ടികൾ ഉപജില്ല, ജില്ലാ, സംസ്ഥാന തല മത്സരങ്ങളിൽ പങ്കെടുത്ത് മികവ് പുലർത്തിയിട്ടുണ്ട്. കലാ, കായിക മത്സരങ്ങളിൽ ഉന്നത നിലവാരം ഈ വിദ്യാലയത്തിലെ കുട്ടികൾ നേടുന്നുണ്ട്.

# CHAPTER-III

## വിദ്യാലയം മികവിന്റെ കേന്ദ്രം

1) കേരളത്തിന്റെ സാംസ്കാരികവും സാമൂഹികവും കാർഷികവും സർഗാത്മകവുമായ പാരമ്പര്യം കാത്ത് സൂക്ഷിക്കുവാനും ഭരണഘടനാമൂല്യങ്ങൾ ഉൾക്കൊണ്ട് പ്രവർത്തിക്കുന്ന ഒരു സമൂഹസൃഷ്ടിക്കും ഉതകും വിധം എല്ലാ കുട്ടികൾക്കും വൈവിധ്യമാർന്ന അനുഭവമൊരുക്കുവാൻ കഴിയുക.

2) അഞ്ചു മുതൽ പത്തു വരെ ക്ലാസുകളിലെ കുട്ടികളുടെ സമഗ്ര വികസനം ലക്ഷ്യമാക്കി പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ കഴിയുംവിധം സമൂഹത്തിലെ വിവിധ ഘടകങ്ങളെ ഏകോപിപ്പിക്കുക.

3) 20 വർഷം മുന്നിൽ കണ്ടുകൊണ്ട് വിദ്യാലയ വികസന പദ്ധതി തയ്യാറാക്കാൻ വിവിധ മേഖലകളിൽ നിന്ന് വിഭവസമാഹരണം നടത്തി വിദ്യാലയത്തെ അന്താരാഷ്ട്ര നിലവാരമുള്ളതാക്കുക.

4) പഠനവും ബോധനവും ആഹ്ലാദകരമായ അനുഭവമാക്കി മാറ്റുക.

5) കുട്ടികളുടെ സർഗക്രിയാശേഷികളെ പരിപോഷിപ്പിക്കുന്നതിനു വേണ്ടി ഭൗതികവും സർഗ്ഗാത്മകവുമായ പ്രവർത്തന പദ്ധതികൾ രൂപീകരിച്ച് നടപ്പിലാക്കുക.

6) വിദ്യാലയത്തിന്റെ സമസ്ത മേഖലകളിലും ജനകീയ പങ്കാളിത്തം ഉറപ്പുവരുത്തുക.

7) കുട്ടികളുടെ അവകാശവും വിദ്യാഭ്യാസ അവകാശ നിയമവും പരിപൂർണ്ണമായി നടപ്പിലാക്കുന്ന ഒരു വിദ്യാലയമാക്കി മാറ്റുക.

8) പ്രാദേശിക ഭൂപടം തയ്യാറാക്കി പ്രതിഭകളുടെ സേവനം വിദ്യാലയത്തിൽ ലഭ്യമാക്കുക.

9) സമ്പൂർണ്ണ ശുചിത്വം, പ്ലാസ്റ്റിക്, കീടനാശിനി മുക്ത ക്യാമ്പസ് സൃഷ്ടിക്കുക.

10) ലൈബ്രറി, ലാബ് എന്നിവ പൂർണ്ണമായി പ്രയോജനപ്പെടുത്തി കുട്ടികളെ മുഖ്യധാരയിലേക്ക് കൊണ്ടുവരിക.

11) തൊഴിലധിഷ്ഠിത വിദ്യാഭ്യാസം, വിദ്യാഭ്യാസം സമാധാനത്തിന് എന്നീ ആശയങ്ങൾ നടപ്പിലാക്കാനുള്ള ശ്രമങ്ങൾ നടത്തുക. She friendly Toilet ഭിന്നശേഷിക്കാർക്കു വേണ്ടിയുള്ള ശുചിമുറി എന്നിവയുടെ ഉറപ്പുവരുത്തൽ.

12) ഭാഷാ ലാബ് സജ്ജീകരണം.

# CHAPTER-IV

## പദ്ധതി രൂപീകരണ പ്രക്രിയ

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി വിദ്യാലയത്തിൽ വികസന കാഴ്ചപ്പാട് രൂപീകരിക്കുന്നതിനും സ്കൂൾ സമഗ്ര വികസന രേഖ തയ്യാറാക്കുന്നതിനുമായി മുഴുവൻ സ്റ്റാഫ് അംഗങ്ങളുടേയും എച്ച്.എം. ഒരു ആലോചനായോഗം 09/12/2017ൽ പിടിഎ പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ വിളിച്ചു ചേർത്തു. സമൂഹത്തിന്റെ സമസ്ഥ മേഖലകളിൽ നിന്നുള്ള അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സ്വാംശീകരിച്ചുകൊണ്ട് വേണം വികസന കാഴ്ചപ്പാട് രൂപീകരിക്കേണ്ടത് എന്ന പൊതുവികാരത്തിന്റെ അടിസ്ഥാനത്തിൽ തുടർപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് ഏകോപിപ്പിക്കുന്നതിനായി അധ്യാപകരിൽ നിന്നും ഒരു കമ്മിറ്റി രൂപീകരിച്ചു. ആ കമ്മിറ്റിയുടെ നേതൃത്വത്തിൽ ചിട്ടയായ പ്രവർത്തനങ്ങളിലൂടെയാണ് വിദ്യാലയ വികസനരേഖ രൂപപ്പെടുത്തുന്നത്. സ്കൂൾ മാസ്റ്റർ പ്ലാൻ പദ്ധതി സമർപ്പണത്തിന്റെ കരട് 29/01/2018ൽ മാവേലിക്കര ബി.എച്ച്.ൽ വച്ച് ഡയറ്റ് ഫാക്കൽറ്റിയുടെ മുൻപാകെ അവതരിപ്പിച്ച് അനുമതി വാങ്ങിയിട്ടുണ്ട്.

## അവസ്ഥാ വിശകലനം-ഭൗതിക

വിദ്യാലയത്തിന്റെ പ്രവർത്തന മികവിന ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെട്ടതായിരിക്കണം. വിദ്യാർത്ഥികൾക്ക് സൗകര്യപ്രദവും സുരക്ഷിതത്ത്വവും സ്വാതന്ത്ര്യവും ശിശുസൗഹൃദപരവുമായ അന്തരീക്ഷം ഒരുക്കണം. വിഭവങ്ങളുടെ കാര്യത്തിൽ പരിഗണിക്കേണ്ട ഏറ്റവും പ്രധാനപ്പെട്ട സവിശേഷത ലഭ്യതയും കാര്യക്ഷമതയുമാണ്. ലഭ്യത എന്നതുകൊണ്ട് അർത്ഥമാക്കുന്നത് സുരക്ഷിതത്ത്വവും ഗുണപ്രദവുമായ പഠനസാഹചര്യം എല്ലാവർക്കും പ്രാപ്തമാക്കലാണ്. കാര്യക്ഷമത എന്നത് ലഭ്യമായ വിഭവങ്ങളുടെ ഏറ്റവും ഫലപ്രദമായ ഉപയോഗമാണ്. ഇതോടൊപ്പം തന്നെ ഉയർന്ന നിലവാരത്തിലുള്ള ആരോഗ്യ സുരക്ഷാ സംവിധാനങ്ങൾ ഉറപ്പുവരുത്തി ലഭ്യമായ വിവരങ്ങൾ ഫലപ്രദമായി പ്രയോഗിക്കുമ്പോൾ ഒരു വിദ്യാലയം മികവുറ്റതാകുന്നു.

# CHAPTER-V

# പ്രശ്നങ്ങളും വെല്ലുവിളികളും

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം അതിന്റെ പൂർണ്ണതയിൽ എത്തുന്നത് പല പദ്ധതികളുടേയും ഏകോപനം മൂലമാണ്. ഞങ്ങൾ നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി ഭിന്നശേഷി കുട്ടികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനു വേണ്ടിയുള്ള റിസോഴ്സ് അധ്യാപകരുടെ അഭാവമാണ്. കൃത്യമായ പരിശീലനം ഭിന്നശേഷി കുട്ടികൾക്ക് ലഭ്യമായാൽ അവർ മുഖ്യധാരയിലേക്ക് വരുമെന്ന് ഉറപ്പാണ്. സ്കൂൾ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിലൂടെ ഭിന്നശേഷിക്കാരുടെ പ്രശ്നങ്ങൾ പരിഹിക്കുന്നതിന ആവശ്യമായ നടപടികൾ ഗവൺമെന്റ് തലത്തിൽ നിന്നും ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

സിസിടിവി പരിധിയിൽ സ്കൂളും പരിസരവും ഉൾപ്പെടുത്തുന്നതിന ആവശ്യമായ സഹായ സഹകരണവും ലഭ്യമാക്കേണ്ടതുണ്ട്.

ഐടി അധിഷ്ഠിത വിദ്യാഭ്യാസം കാര്യക്ഷമമാക്കുന്നതിന ഒരു അധ്യാപകനെ നിയമിക്കേണ്ടത് ആവശ്യമാണ്. അതിനു വേണ്ട നടപടികൾ ഗവൺമെന്റ് തലത്തിൽനിന്നും ഉണ്ടാകുമെന്ന് പ്രത്യാശിക്കുന്നു.

ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ ആരോഗ്യ ശില്പശാലകൾ സംഘടിപ്പിച്ച് ജീവിതശൈലി രോഗങ്ങളെപ്പറ്റി കുട്ടികളെ ബോധവത്കരിക്കേണ്ടത് വളരെ ആവശ്യമാണ്. വർഷത്തിൽ നാലും അഞ്ചും ശില്പശാലകൾ നടത്തുന്നത് അഭികാമ്യമായിരിക്കും.

ട്രാഫിക് ബോധവത്കരണ ക്ലാസുകൾ നൽകി റോഡ് സുരക്ഷ ഉറപ്പാക്കുന്നതിന മുൻകൈ എടുക്കേണ്ടതാണ്.

കുട്ടിയുടെ അച്ചടക്കവും അവന്റെ രക്ഷിതാവിന്റെ പ്രവർത്തിക്കനുസരിച്ചായിരിക്കും. നല്ലൊരു ഭാവി തലമുറയെ സൃഷ്ടിക്കുന്നതിന സമൂഹം വളരെയധികം കടപ്പെട്ടിരിക്കുന്നു. രക്ഷിതാവും സമൂഹവും അധ്യാപകരും ഒറ്റക്കെട്ടായി പ്രവർത്തിച്ചു കൊണ്ട് നല്ല ഒരു സമൂഹത്തെ സൃഷ്ടിക്കുന്നതിന പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിലൂടെ കഴിയണം.

ലഹരിയുടെ ഉപയോഗം കുട്ടികളിൽ ഇല്ലാതാക്കുന്നതിന എക്സൈസിന്റെയും പിടിഎയുടെയും പൊതു സമൂഹത്തിന്റെയും സഹായങ്ങൾ ലഭ്യമാകണം.

2025-26 അക്കാദമിക വർഷം സമഗ്ര ഗുണമേന്മ വർഷമാകുന്നതിന്റെ ഭാഗമായി വിദ്യാഭ്യാസ വകുപ്പിൽ നിന്നുള്ള നിർദ്ദേശമനുസരിച്ച് സ്കൂൾ സുരക്ഷ ഗ്രൂപ്പും സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പും രൂപീകരിച്ചു.

യുപി, എച്ച്എസ് വിഭാഗത്തിലെ കുട്ടികൾക്കായി സ്കൂൾ തുറന്ന് രണ്ടാഴ്ചക്കാലത്തേക്ക് മയക്കുമരുന്ന് (ലഹരി ഉപയോഗത്തിനെതിരെയും, ട്രാഫിക് നിയമങ്ങൾ, റോഡിലൂടെ സഞ്ചരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളെപ്പറ്റിയും വ്യക്തിശുചിത്വം, പരിസര ശുചിത്വം, ഹരിത ക്യാമ്പ്, സ്കൂൾ സൗന്ദര്യവത്ക്കരണം, ആരോഗ്യം, വ്യായാമം, കായികക്ഷമത, ഡിജിറ്റൽ അച്ചടക്കം, പൊതുമുതൽ സംരക്ഷണം, പരസ്പര സഹകരണത്തിന്റെ പ്രാധാന്യം, റാഗിങ്, വൈകാരിക നിയന്ത്രണമില്ലായ്മ, പൊതു ക്രോഡീകരണം എന്നീ വിഷയങ്ങളിൽ ക്ലാസുകൾ നടത്താൻ തീരുമാനിച്ചു.

# വിഷയം കൈകാര്യം ചെയ്യുന്ന അദ്ധ്യാപകർ

| Sl.No. | Name | Designation | Subject taught | Qualification |
|---|---|---|---|---|
| 1 | **M. Sandhya** | HM | Mathematics | M.Sc., B.Ed., SET |
| 2 | **Sandhya L.** | HST | English | MA, B.Ed. |
| 3 | **Sindhu L.** | HST | English | MA, B.Ed. |
| 4 | **Chandralekha P.** | HST | Natural Science | MSc,B.Ed, Set. |
| 5 | **Dhanya K.S.** | HST | Sanskrit | MA, B.Ed. |
| 6 | **Veena R. Raj** | HST | Malayalam | MA, B.Ed. |
| 7 | **Veena V.K.** | HST | Mathematics | BSc, B.Ed. |
| 8 | **Dhanya B. Pillai** | HST | Physical Science | MSc,B.Ed, Set. |
| 9 | **Bindu G. Kumar** | HST | Mathematics | BSc, B.Ed. |
| 10 | **Asha Bindu P.R.** | HST | Hindi | BA, B.Ed. |
| 11 | **Sreeja K.R.** | HST | Physical Science | MSc, B.Ed, Set |
| 12 | **Athiralekshmi K.** | HST | Social Science | MA, B.Ed. |
| 13 | **Jayasree S.B.** | UPST | Mathematics | BA, B.Ed. |
| 14 | **Sunil V.** | UPST | Social Science | BA, B.Ed. |
| 15 | **Sreevidya N.** | LG (Hindi) | Hindi | MA, B.Ed. |
| 16 | **Anju S.** | UPST | Science | BSc., B.Ed. |
| 17 | **Reshmi P.R.** | UPST | Science | B.Sc, B.Ed. |
| 18 | **Sreelekshmi S.** | UPST | English | MA, B.Ed. |

| ക്ലാസ്സ് | കുട്ടികൾ | | ആകെ |
|---|---|---|---|
| | ആൺ | പെൺ | |
| V | 23 | 15 | 38 |
| VI | 30 | 30 | 60 |
| VII | 41 | 29 | 70 |
| VIII | 49 | 25 | 74 |
| IX | 53 | 41 | 94 |
| X | 42 | 46 | 88 |

| ക്ര.നം. | ഇനം | എണ്ണം | ആവശ്യം |
|---|---|---|---|
| 1 | റേഡിയോ | -- | 2 |
| 2 | ടി.വി. | -- | 1 |
| 3 | പ്രോജക്ടർ | 7 | 7 |
| 4 | ലാപ്ടോപ് | 15 | 10 |
| 5 | സൗണ്ട് സിസ്റ്റം | 7 | 10 |
| 6 | ഡെസ്ക്ടോപ്പ് | 5 | 5 |
| 7 | പ്രിന്റർ | 2 | 3 |

## <u>ശുചിമുറിയുടെ ലഭ്യത</u>

| ക്ര.നം. | വിഭാഗം | V-VII | VII-X |
|---|---|---|---|
| 1 | ആൺ കുട്ടികൾ | 10 | 10 |
| 2 | പെൺ കുട്ടികൾ | 7 | 9 |
| 3 | ഭിന്നശേഷിക്കാർ | 2 | 1 |
| 4 | ജീവനക്കാർക്കുള്ള പ്രത്യേക ശുചിമുറി | 2 | 2 |

## ജലലഭ്യത

പഠിതാക്കളുടെ എണ്ണത്തിന് ആനുപാതികമായി ടാപ്പുകൾ (ലഭ്യമാക്കേണ്ടത്) 25 എണ്ണം.

## ഉച്ചഭക്ഷണം

വിദ്യാലയത്തിൽ തന്നെ ഉച്ചഭക്ഷണം തയ്യാറാക്കി നൽകുന്നു. ഓരോ ദിവസവും നൽകുന്ന വൈവിധ്യമാർന്ന ഭക്ഷണ ഇനം ബോർഡിൽ പ്രദർശിപ്പിക്കാറുണ്ട്. ഉച്ചഭക്ഷണം മികച്ച രീതിയിൽ വിതരണം നടത്തുന്നതിന് ആവശ്യമായി ഒരു ഡൈനിംഗ് ഹാൾ ക്രമീകരിച്ച് തരേണ്ടതാണെന്ന് ഇതിനോടൊപ്പം അഭ്യർത്ഥിക്കുന്നു. ആധുനിക രീതിയിലുള്ള പാചകശാലയും ക്രമീകരിച്ചു തരേണ്ടതാണ്.

## അധ്യാപകരുടെ സ്ഥിതിവിവരം

| നിയമന സ്വഭാവം | യുപി | എച്ച്എസ് |
|---|---|---|
| സ്ഥിരം | 6 | 11 |
| താൽക്കാലികം | - | - |
| അനദ്ധ്യാപകർ | - | 2 |

എല്ലാ അദ്ധ്യാപകരും സേവനകാല പരിശീലനത്തിൽ പങ്കെടുത്തിട്ടുണ്ട്.

അധ്യാപകർക്ക് സ്കൂൾ പ്രവർത്തനങ്ങളുടെ ചുമതല വർഷാദ്യത്തിൽ തന്നെ നൽകുന്നു. അതിനാൽ ക്ലബ്ബുകളുടെയും മറ്റും പ്രവർത്തനങ്ങൾ ഇവിടുത്തെ സമൂഹത്തിനു തന്നെ അനുകരണീയമാണ്. ദിനാചരണങ്ങൾ വളരെ ഭംഗിയായി, വിശിഷ്ട വ്യക്തികളെ സ്കൂളിൽ വിളിച്ചു വരുത്തി പ്രത്യേക മീറ്റിംഗോടുകൂടി നടത്തുന്നു.

ഹൈസ്കൂൾ തല വിഷയ സമിതികളും ചുമതലകളും അതാത് അധ്യാപകർ ചിട്ടയായി നടത്തുന്നതിനാൽ പ്രയാസമുള്ള ടോപ്പിക്കുകൾ കുട്ടികൾക്ക് വളരെ എളുപ്പം കൈര്യം ചെയ്യാൻ സാധിക്കുന്നു.

## വിഷയ മേഖലകൾ

വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ചിട്ടുള്ള പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന് മൂർത്തരൂപം നൽകേണ്ടതുണ്ട്. അതിനായി സർഗ്ഗാത്മകവും സമയ ബന്ധിതവുമായി പൂർത്തീകരിക്കുന്ന പ്രവർത്തന പദ്ധതികൾ സമയ ബന്ധിതമായി പൂർത്തീകരിച്ചാൽ മാത്രമേ പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം അതിന്റെ പൂർണ്ണതയിൽ എത്തുകയുള്ളൂ. ജനകീയ പങ്കാളിത്തത്തോടു കൂടി പ്രവർത്തന പദ്ധതികൾ നടപ്പിലാക്കുന്നതുകൊണ്ട് കൂടുതൽ കാര്യക്ഷമമായി പദ്ധതി നടപ്പിലാക്കാൻ കഴിയും എന്നതാണ് ഇതിന്റെ പ്രത്യേകത.

## മോണിട്ടറിംഗ്

വികസന പദ്ധതി സമഗ്രമായി പരിശോധിക്കുകയും പ്രവർത്തനങ്ങൾ നിർണ്ണയിക്കുകയും വേണം. തുടർന്ന് വാർഷിക കലണ്ടറിലെ ഓരോ മാസവും വരുന്ന പ്രവർത്തനങ്ങൾ ചേർത്ത് പ്രതിമാസ കലണ്ടർ തയ്യാറാക്കണം. വിദ്യാലയ വികസന സമിതി പ്രതിമാസം ചേർന്ന് തന്മാസത്തിൽ അതുവരെ നടന്ന പ്രവർത്തനങ്ങൾ വിലയിരുത്തുകയും വേണം. ഡിഇഒ, ജില്ലാ തലങ്ങളിൽ പ്രവർത്തന പുരോഗതി വിലയിരുത്തേണ്ടതാണ്.

## ഉപസംഹാരം

അടുത്ത അഞ്ച് വർഷത്തേക്കുള്ള സമഗ്രമായ വികസന പദ്ധതിയാണ് ഇവിടെ തയ്യാറാക്കിയിട്ടുള്ളത്. ഇതിൽ നിന്നും ഓരോ വർഷത്തേക്കുള്ള പദ്ധതികൾ നിശ്ചിത വിഷയ ഗ്രൂപ്പുകൾ തെരഞ്ഞെടുത്ത് സൂക്ഷ്മ തലത്തിൽ ആസൂത്രണം ചെയ്യണം. ഓരോ വർഷവും ആവശ്യമായ കൂട്ടിച്ചേർക്കലുകളും പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുകയും വേണ്ടിവരും. പ്രാദേശികവും കാലികവുമായ മാറ്റങ്ങൾക്ക് ഈ പദ്ധതി വഴങ്ങുന്നതാകണം. ഫണ്ട് വിനിയോഗത്തിൽ കൃത്യതയും സൂക്ഷ്മതയും സുതാര്യതയും ഉറപ്പു വരുത്തണം. വിദ്യാലയത്തിലേക്ക് ഏത് സ്രോതസ്സിൽ നിന്ന് ഫണ്ട് ലഭിച്ചാലും നടപ്പിലാക്കുന്നത് വികസന പദ്ധതിയിലെ പ്രവർത്തനങ്ങളാകണം. ജനകീയ പങ്കാളിത്തത്തോടുകൂടി വേണം ഓരോ പദ്ധതിയും നടപ്പിലാക്കുവാൻ. പദ്ധതിയുടെ ഭംഗിയായ നടത്തിപ്പിനായി പൊതുജന സമക്ഷത്തിലേക്ക് റിപ്പോർട്ട് സമർപ്പിക്കുന്നു.

# അക്കാദമിക മാസ്റ്റർ പ്ലാൻ (യു.പി. മലയാളം)

മേഖല: **അക്കാദമികം** ഉപമേഖല: **മലയാളം**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** |
|---|---|---|---|
| 1) ഭാഷയുടെ അടിസ്ഥാന ശേഷി വികസനം. ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക | **എന്റെ അവധിക്കാലം**: പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത, യാത്രാനുഭവം, അനുഭവക്കുറിപ്പ്) അവതരിപ്പിക്കുന്നു | ജൂൺ മാസം | അലയാളം അദ്ധ്യാപകൻ |
| | **ഭാഷാകേളി**: അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി, ആസ്വാദനം എന്നിവ വളർത്തുന്നു. | ജൂൺ മാസം | അലയാളം അദ്ധ്യാപകൻ |
| | **വാക്കുകളിൽ നിന്നും വാക്യത്തിലേക്ക്**: അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകൾ ഉപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം | ജൂൺ മാസം | അലയാളം അദ്ധ്യാപകൻ |
| 2) പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ ലഘു നാടകങ്ങൾ തുടങ്ങിയവ ക്ലാസുകളിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു | അക്കാദമിക് വർഷം | മലയാളം അദ്ധ്യാപകൻ |
| 3) സാഹിത്യ കൃതികൾ പരിചയപ്പെടൽ | ലൈബ്രറിയിൽ നിന്നും വിവിധ മലയാള കൃതികൾ പരിചയപ്പെടുകയും അതേ | പ്രതിമാസം | മലയാളം |

| | | | |
|---|---|---|---|
| | ക്കുറിച്ച് ക്ലാസിൽ അവതരിപ്പി ക്കാൻ അവസരം നൽകുന്നു. | | അദ്ധ്യാപകൻ |
| 4) വായനക്കുറിപ്പ്, അസ്വാദനക്കുറിപ്പ് തയ്യാറാക്കൽ | പഠന പ്രവർത്തനങ്ങളുമായും വായിച്ച പുസ്തകങ്ങളുമായി ബന്ധപ്പെട്ട വായന ക്കുറിപ്പും ആസ്വാദനക്കുറിപ്പും തയ്യാറാക്കൽ | അക്കാദമിക് വർഷം | മലയാളം അദ്ധ്യാപകൻ |
| 5) വ്യക്തിഗത രചന, സംഘരചന | കുട്ടികളുടെ സർഗ്ഗശേഷി വർദ്ധിപ്പിക്കാൻ നിരവധി രചനാ മത്സരങ്ങൾ സംഘടി പ്പിക്കുന്നു, വിലയിരുത്തുന്നു. | അക്കാദമിക് വർഷം | മലയാളം അദ്ധ്യാപകൻ |

# അക്കാദമിക മാസ്റ്റർ പ്ലാൻ (ഹൈസ്കൂൾ മലയാളം)

**മേഖല: അക്കാദമികം** **ഉപമേഖല: മലയാളം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല | സാമ്പത്തിക |
|---|---|---|---|---|---|
| 1) ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1. പ്രീ ടെസ്റ്റ്<br>2. അക്ഷരം ഉറപ്പിക്കൽ<br>3. അടയാളം ഉറപ്പിക്കൽ<br>4. അക്ഷര കാർഡ് നൽകൽ<br>5. വാക്കുകൾ എഴുതിയ കാർഡ്<br>6. വാക്കുകൾ നിർമ്മിക്കുക<br>7. വാക്യങ്ങൾ നിർമ്മിക്കൽ<br>8. ചിത്രം - അടിക്കുറിപ്പ്<br>9. ചിത്രം - കഥ എഴുതൽ<br>10. ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ് | ജൂലൈ - സെപ്റ്റംബർ | പുസ്തകങ്ങൾ ചിത്രങ്ങൾ | പിടിഎ അദ്ധ്യാപകർ | വിദ്യാരംഗം സാഹിത്യവേദി |
| 2) കുട്ടികളെ മികച്ച വായനക്കാർ ആക്കുക | 1. ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>2. സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>3. സമീപ ഗ്രന്ഥശാല അംഗത്വം<br>4. വായനോത്സവം സംഘടിപ്പിക്കൽ<br>5. പത്രവായന<br>6. വായനാനുഭവം<br>7. വായനക്കുറിപ്പ് പതിപ്പ്<br>8. വിദ്യാരംഗം<br>9. ദിനാചരണം<br>10. ആസ്വാദകരമായ മായന | 6 മാസം | ക്ലാസ് ലൈബ്രറി സ്കൂൾ ലൈബ്രറി പത്രങ്ങൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ, ഇന്റർനെറ്റ്, കമ്പ്യൂട്ടർ | പിടിഎ അദ്ധ്യാപകർ | |
| 3) കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക | 1. എഴുത്തുകൂട്ടം രൂപീകരണം<br>2. പുസ്തക ചർച്ച<br>3. വായനക്കുറിപ്പ്, പതിപ്പ്<br>4. വിവിധ സാഹിത്യ ശാഖകൾ<br>5. ചുമർ പത്രിക, പതിപ്പ് തയ്യാറാക്കൽ<br>6. സർഗസൃഷ്ടികളുടെ പുസ്തകം തയ്യാറാക്കൽ<br>7. വ്യക്തിഗത രചന, സംഘ രചന<br>8. ഭാഷാ പ്രോജക്ട്<br>9. സാഹിത്യകാരന്മാരുമായുള്ള അഭിമുഖം | ജൂലൈ - ഡിസംബർ | ഓഡിയോ, വീഡിയോ | പിടിഎ അദ്ധ്യാപകർ | |

| | | | | | |
|---|---|---|---|---|---|
| 4. സദസ്സിനെ അഭി മുഖീകരിക്കാൻ പ്രാപ്തരാക്കുക | 1. പ്രസംഗ പരിശീലന കളരി<br>2. വിവിധ വിഷയങ്ങളിൽ പ്രസംഗം തയ്യാറാക്കൽ<br>3. മികച്ച പ്രസംഗങ്ങളുടെ ഓഡിയോ വീഡിയോ തയ്യാറാക്കൽ<br>4. പ്രസംഗം അവതരിപ്പിക്കുക അതിനുള്ള വേദികൾ സജ്ജമാക്കുക | ജൂലൈ - ഡിസംബർ | ഓഡിയോ, വീഡിയോ | | ട്രെയിനർ അദ്ധ്യാപകർ |

# അക്കാദമിക മാസ്റ്റർ പ്ലാൻ (സംസ്കൃതം)

**മേഖല: യു.പി.** **ഉപമേഖല: സംസ്കൃതം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം | റിമാർക്ക് |
|---|---|---|---|---|---|
| 1) ഇന്ത്യയിലെ ഔദ്യോഗിക ഭാഷകളിൽ ഒന്നാണ് സംസ്കൃതം യുപി തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ഉറപ്പിക്കൽ | 1. ഭാഷാജ്ഞാനം<br>- അക്ഷരം എഴുത്ത്<br>- ചിഹ്നം ഉറപ്പിക്കൽ<br>- അക്ഷര കാർഡ്<br>- വാക്കുകൾ എഴുതിയ കാർഡ്<br>- ക്ലാസിൽ അക്ഷരമാലാ പ്രദർശനം<br>- അക്ഷരമാലാ കളികൾ<br>- അക്ഷര മരം നിർമ്മിക്കൽ<br>- പാട്ടുകളും കഥകളും കേൾപ്പിക്കുക<br>(അക്ഷര ചാർട്ട്, പാഠപുസ്തകം, ഐസിടി) | ജൂൺ - ആഗസ്റ്റ് | പിടിഎ സംസ്കൃത അദ്ധ്യാപിക | പിടിഎ സ്റ്റാഫ് | |
| | 2. പറയാം പഠിക്കാം<br>- ചിത്രങ്ങളുടെ പേര് പറയൽ<br>- ചിത്ര കഥകൾ<br>- ലഘു സംഭാഷണങ്ങൾ<br>- നിത്യജീവിതത്തിൽ ഉപയോഗിക്കുന്ന സംസ്കൃത പദങ്ങൾ<br>(സംസ്കൃത കഥ പുസ്തകം, ഐസിടി) | ജൂൺ - ജൂലൈ | സംസ്കൃത അദ്ധ്യാപിക | പിടിഎ സംസ്കൃത കൗൺസിൽ | |
| 2) വീട് ഒരു പരീക്ഷണശാല കാണുന്നതിനും കേൾക്കുന്നതിനും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് സംസ്കൃതത്തിൽ പഠിക്കുക | - വീട്ടിൽ ഉപയോഗിക്കുന്ന വസ്തുക്കളുടെ പട്ടിക സംസ്കൃതത്തിൽ തയ്യാറാക്കുക<br>- ഐസിടി സഹായത്തിലൂടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം<br>(സംസ്കൃതം നിഘണ്ടു) | സെപ്റ്റംബർ - ഒക്ടോബർ | സംസ്കൃത അദ്ധ്യാപിക | സ്കൂൾ സംസ്കൃത കൗൺസിൽ പിടിഎ | |
| 3) വായനലോകം കുട്ടിയെ വായനയുടെ ലോകത്തിലേക്ക് കൊണ്ടുവരൽ | - തിരഞ്ഞെടുത്ത ലളിതമായ പുസ്തക ശേഖരണത്തിലൂടെ സംസ്കൃത ലൈബ്രറി സജ്ജീകരിക്കുക<br>- ഓരോ സംസ്കൃത പീരീഡിലും ആദ്യത്തെ അഞ്ചു മിനിട്ടിൽ ഒരു കുട്ടി ഒരു പുസ്തകത്തിന്റെ പേജ് | 6 മാസം | സംസ്കൃത അദ്ധ്യാപിക | സ്റ്റാഫ് അസോസിയേഷൻ അദ്ധ്യാപിക | |

| | | | | | |
|---|---|---|---|---|---|
| | വായിക്കുക<br>- വായിച്ച പുസ്തകങ്ങൾ രേഖപ്പെടു ത്തുക<br>- കൂടുതൽ പുസ്തകങ്ങൾ വായിച്ച കുട്ടിയെ അസംബ്ലിയിൽ അനുമോദി ക്കുക<br>(ക്ലാസ് ലൈബ്രറി) | | | | |
| 4) മത്സര പരീക്ഷ കൾക്ക് തയ്യാറാകൽ | - ആനുകാലികങ്ങൾ വായിക്കാൻ നൽകുന്നു<br>എല്ലാ മാസവും ക്വിസ് മത്സരം നട ത്തുന്നു<br>- മാതൃകാ ചോദ്യപേപ്പറുകൾ തയ്യാറാ ക്കുന്നു<br>(ക്ലാസ് റൂം) | 5 മാസം | സംസ്കൃത അദ്ധ്യാപിക | സ്റ്റാഫ് ഫണ്ട് പൂർവ്വ വിദ്യാർത്ഥി കൾ | |

# അക്കാദമിക മാസ്റ്റർ പ്ലാൻ (സംസ്കൃതം)

**മേഖല: എച്ച്.എസ്.** **ഉപമേഖല: സംസ്കൃതം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം | റിമാർക്ക് |
|---|---|---|---|---|---|
| 1) ശ്രവണം<br>സംസ്കൃതം കൂടുതൽ കേൾക്കാനും സംസാരിക്കുവാനുമുള്ള അവസരം ഒരുക്കുന്നു | റേഡിയോയിലും ടെലിവിഷനിലും മറ്റു മാധ്യമങ്ങളിൽ കൂടിയും ലഭ്യമായ വാർത്തകളും കഥകളും കവിതകളും കുട്ടികളെ കേൾപ്പിക്കുന്നു. സംസ്കൃത സംഭാഷണ ശിബിരം നടത്തുന്നു | അക്കാദമിക വർഷം | സംസ്കൃത അദ്ധ്യാപിക | സംസ്കൃത കൗൺസിൽ പിടിഎ | |
| 2) കാഴ്ച<br>സംസ്കൃത ഭാഷയെ കണ്ട് അറിഞ്ഞു മനസിലാക്കൽ | ചാർട്ട് ഉപയോഗിച്ച് ലളിതമായ സംസ്കൃത വാക്കുകൾ, ലളിതമായ വാചക നിർമ്മാണം | 1 മാസം | സംസ്കൃത അദ്ധ്യാപിക | സ്കൂൾ സംസ്കൃത കൗൺസിൽ | |
| 3) ബോധനം<br>സംസ്കൃതത്തെപ്പറ്റി കുട്ടികൾക്ക് കൂടുതൽ മനസിലാക്കാൻ | സംസ്കൃതം പഠിക്കുന്നതിന്റെ ആവശ്യകതയെപ്പറ്റി ബോധവത്കരണം നടത്തുന്നു | 1 മണിക്കൂർ | പിടിഎ സംസ്കൃത അദ്ധ്യാപിക | സ്കൂൾ സംസ്കൃത കൗൺസിൽ സ്റ്റാഫ് | |
| 4) വായനാലോകം<br>കുട്ടിയെ വായനയുടെ ലോകത്ത് എത്തിക്കാൻ | തിരഞ്ഞെടുത്ത ലളിതമായ പുസ്തക ശേഖരണത്തിലൂടെ സ്കൂൾ സംസ്കൃത ലൈബ്രറി സജ്ജീകരിക്കുക | 6 മാസം | എച്ച്.എം. പിടിഎ അധ്യാപകർ | പൂർവ്വ വിദ്യാർത്ഥികൾ പിടിഎ, സംസ്കൃത കൗൺസിൽ | |
| 5) ഗവേഷണം<br>സസ്യങ്ങളെപ്പറ്റി കൂടുതൽ മനസിലാക്കൽ | ഔഷധത്തോട്ട നിർമ്മാണവും ഔഷധസസ്യങ്ങളുടെ ഗുണങ്ങളെപ്പറ്റിയുള്ള ക്ലാസും | അക്കാദമിക വർഷം | മാനേജ്മെന്റ് പിടിഎ പഞ്ചായത്ത് | മാനേജ്മെന്റ് പിടിഎ സ്റ്റാഫ് കൗൺസിൽ | |
| | ഭാഷാലാബ്, സംസ്കൃതം ടൈപ്പിംഗ് | | സംസ്കൃത അദ്ധ്യാപിക | പൂർവ്വ | |

| | | | | | |
|---|---|---|---|---|---|
| 6) ഐസിടി | കുട്ടികൾക്ക് പഠിക്കാനും സംസ്കൃതത്തിൽ ചെറിയ ഖണ്ഡികകൾ ടൈപ്പ് ചെയ്യാൻ, വ്യാകരണ ക്ലാസുകൾ കാണിക്കുന്നതിന്, സ്മാർട്ട് ബോർഡ് | അക്കാദമിക വർഷം | മാനേജ്മെന്റ് പിടിഎ പൂർവ്വ വിദ്യാർത്ഥികൾ എസ്കെടി അധ്യാപിക | വിദ്യാർത്ഥികൾ പിടിഎ സംസ്കൃത അധ്യാപകർ | |

# അക്കാദമിക മാസ്റ്റർ പ്ലാൻ (ഇംഗ്ലീഷ്)

**മേഖല: യു.പി.** **ഉപമേഖല: ഇംഗ്ലീഷ്**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ശരിയായി ഇംഗ്ലീഷ് ശ്രവിക്കാനും അനായാസം സംസാരിക്കുവാനും അവസരം ഒരുക്കുന്നു | Lend Your Ear-ലളിതവും രസകരവുമായി ഇംഗ്ലീഷ് റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് അനുയോജ്യമായ ഉത്തരങ്ങൾ നൽകുവാൻ കുട്ടിയെ പ്രോത്സാഹിപ്പിക്കുന്നു | ജൂലൈ | ഇംഗ്ലീഷ് അധ്യാപകൻ | |
| | Follow Me If You Can!-ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുവാനുള്ള പരിശീലനം നൽകുന്നു. | ജൂൺ | ഇംഗ്ലീഷ് അധ്യാപകൻ | |
| | Breaking News-ഇംഗ്ലീഷ് റേഡിയോ വാർത്തകൾ റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ശരിയായ ഉച്ചാരണം ശ്രവിക്കുവാൻ അവസരം ഒരുക്കുന്നു. | നവംബർ | ഇംഗ്ലീഷ് അധ്യാപകൻ | |
| | Missing Man-അധ്യാപികയും വിദ്യാർത്ഥിയും തമ്മിലുള്ള സംഭാഷണം റെക്കോർഡ് ചെയ്ത് കുട്ടികളെ കേൾപ്പിക്കുന്നു. തുടർന്ന് അധ്യാപികയുടെ സംഭാഷണം നീക്കം ചെയ്ത് കുട്ടിയുടെ സംഭാഷണം മാത്രം കേൾപ്പിക്കുന്നു. അധ്യാപികയുടെ ഭാഗം മറ്റ് കുട്ടികൾക്ക് അവതരിപ്പിക്കുവാനുള്ള അവസരം ഒരുക്കുന്നു. | ജൂൺ | ഇംഗ്ലീഷ് അധ്യാപകൻ | |
| | Treaure Hunt-വ്യത്യസ്തമായ വസ്തുക്കൾ ഉപയോഗിച്ച് വിഭിന്ന അറകളാക്കുന്നു. ഓരോ അറകൾക്കും നമ്പർ നൽകി നറുക്കെടുപ്പിലൂടെ ലഭിക്കുന്ന വസ്തുവിനെക്കുറിച്ച് വർണ്ണിക്കുന്നു. വസ്തു എന്തെന്ന് മറ്റു കുട്ടികൾ തിരിച്ചറിയുന്നു. പോയിന്റ് നൽകുന്നു. | ആഗസ്റ്റ് | ഇംഗ്ലീഷ് അധ്യാപകൻ | |
| | Meet the Foreigner-തനത് ഭാഷ സംസാരിക്കുന്ന വ്യക്തികളുമായി ആശയ വിനിയമം നടത്തുവാനുള്ള അവസരം ഒരുക്കുന്നു. | വർഷത്തിൽ ഒരു തവണ | ഇംഗ്ലീഷ് അധ്യാപകൻ | |
| | One Man Show-ആശയം നൽകി ഇംഗ്ലീഷിൽ ഏകാഭിനയത്തിന് പ്രോത്സാഹനം നൽകുന്നു. | ഒക്ടോബർ | ഇംഗ്ലീഷ് അധ്യാപകൻ | |

| | | | | |
|---|---|---|---|---|
| 2) ഭാവാത്മക വായന പരിശീലിപ്പിക്കുന്നു | I Too Can!! - വ്യത്യസ്ത തലങ്ങളിലായി വിവിധ വായന കാർഡുകൾ ക്രമീകരിക്കുന്നു. തെറ്റു കൂടാതെ വായിക്കുവാൻ അവസരം നൽകുന്നു (ലളിതമായതിൽ നിന്നും സങ്കീർണ്ണമായതിലേക്ക്)<br><br>Leaning Ladder - പാഠഭാഗത്തിൽ നിന്നും തിരഞ്ഞെടുത്ത കുറച്ച് വാക്കുകൾ ചാർട്ടിലെഴുതി കണ്ണാടിയിൽ നിന്നും വായിക്കുവാൻ കുട്ടികൾക്ക് അവസരം നൽകുന്നു. മുഴുവൻ വാക്കുകളും ശരിയായി കണ്ടെത്തുന്നവർക്ക് പരിപാടിയായി ഏണിയുടെ ഉയരങ്ങൾ കീഴടക്കാൻ സാധിക്കുകയും ഒളിഞ്ഞിരിക്കുന്ന സമ്മാനം ലഭിക്കുകയും ചെയ്യുന്നു.<br><br>FM Corner -വ്യത്യസ്തമായ കഥകൾ Reader s Theatre റേഡിയോ ഡ്രാമ രൂപത്തിൽ അവതരിപ്പിക്കുവാനുള്ള അവസരം നൽകുന്നു.<br><br>Reader fo the Month - ഇംഗ്ലീഷ് ദിനപത്രം വായിക്കുവാൻ അവസരം നൽകി Reader of the Month നെ ആദരിക്കുന്നു. | ജൂലൈ<br><br>സെപ്റ്റംബർ<br><br>ടേമിൽ ഒരു തവണ<br><br>മാസം തോറും | ഇംഗ്ലീഷ് അധ്യാപകൻ<br><br>ഇംഗ്ലീഷ് അധ്യാപകൻ<br><br>ഇംഗ്ലീഷ് അധ്യാപകൻ<br><br>ഇംഗ്ലീഷ് അധ്യാപകൻ | |
| 3) തെറ്റു കൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുന്നു | My Droplets- കുട്ടികളുടെ കലാസൃഷ്ടി ഉൾപ്പെടുത്തി ക്ലാസ് മാഗസിൻ മിനി ഡിക്ഷണറി എന്നിവ തയ്യാറാക്കുന്നു.<br><br>Alert Zone - സൂചന ബോർഡുകൾ, പോസ്റ്ററുകൾ, നോട്ടീസുകൾ എന്നിവ സ്കൂൾ അന്തരീക്ഷത്തിലും ക്ലാസ് റൂമുകളിലുമായി പ്രദർശിപ്പിക്കുന്നു.<br><br>Run Baby Run - ക്ലാസിനെ ഗ്രൂപ്പുകളാക്കുന്നു. ചാർട്ടിൽ എഴുതി പ്രദർശിപ്പിച്ച വാക്കുകൾ ഒരു പ്രാവശ്യം വായിച്ചതിനു ശേഷം മറ്റൊരു ചാർട്ടിലേക്ക് തെറ്റുകൂടാതെ എഴുതുന്നു. ഏറ്റവും ആദ്യം വാക്യങ്ങൽ തെറ്റു കൂടാതെ എഴുതിയ ഗ്രൂപ്പിനെ വിജയിയായി പ്രഖ്യാപിക്കുന്നു.<br><br>Fund Time Funda - കടംകഥകൾ, കുസൃതി ചോദ്യങ്ങൾ, ഫലിതങ്ങൾ എന്നിവ തയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കുവാൻ അവസരം നൽകുന്നു. | വർഷാവസാനം<br><br>ദിനാചരണങ്ങളിൽ<br><br>ഫെബ്രുവരി<br><br>എല്ലാ ഇംഗ്ലീഷ് പീരീഡും | ഇംഗ്ലീഷ് അധ്യാപകൻ<br><br>ഇംഗ്ലീഷ് അധ്യാപകൻ<br><br>ഇംഗ്ലീഷ് അധ്യാപകൻ<br><br>ഇംഗ്ലീഷ് അധ്യാപകൻ | |

| | | | | |
|---|---|---|---|---|
| 4) ഇംഗ്ലീഷ് ഭാഷ യോടുള്ള ആത്മവി ശ്വാസം ഉയർത്തുന്നു | The Grand Camp - ഇംഗ്ലീഷിൽ പ്രാവീണ്യ മുള്ള രക്ഷിതാക്കളേയും സമൂഹത്തിലെ മറ്റ് വ്യക്തികളേയും ഉൾപ്പെടുത്തി ഇംഗ്ലീഷ് അന്തരീക്ഷം സൃഷ്ടിച്ച് ഒരു ഇംഗ്ലീഷ് ക്യാമ്പ് നടത്തുന്നു. 5, 6, 7 ക്ലാസിലെ കുട്ടികൾക്ക് വൈവിധ്യമാർന്ന പരിപാടികളുമായി മുന്നോട്ട് വരാൻ അവസരം ഒരുക്കുന്നു. അഞ്ചാം ക്ലാസിനായി കഥപറയൽ, കഥയെ ഴുത്ത് ആറാം ക്ലാസിന് Role Play നാടകം എന്നിവ പ്രച്ഛന്നവേഷരായി ഏഴാം ക്ലാസിന് കവിതയുടെ പ്രസംഗം തുടങ്ങിയവ. ക്യാമ്പിന് ഒടുവിൽ ഡോക്യുമെന്ററി/ഫിലിം ഷോ | വർഷാ വസാനം | ഇംഗ്ലീഷ് അധ്യാപ കൻ പിടിഎ ഭാരവാഹി കൾ, രക്ഷിതാ ക്കൾ | |

# അക്കാദമിക മാസ്റ്റർ പ്ലാൻ (ഇംഗ്ലീഷ്)

**മേഖല: എച്ച്.എസ്.** **ഉപമേഖല: ഇംഗ്ലീഷ്**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം | വിവരണം |
|---|---|---|---|---|---|
| 1) ലക്ഷ്യം<br>ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയ വിനിമയം നടത്താൻ പ്രാപ്തരാക്കുക | Spoken English Class<br>English Library<br>English Cartoon<br>English Assembly | ശനിയാഴ്ചകൾ<br>ജൂൺ - ഓഗസ്റ്റ് വരെ | പിടിഎ<br>ടീച്ചേഴ്സ് | | |
| 2) ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുക | Profiled and Script തയ്യാറാക്കുന്നതിനുവേണ്ടി ഇംഗ്ലീഷ് സിനിമയുടെ ചില രംഗങ്ങൾ പ്രദർശിപ്പിക്കുന്നു.<br>Role Play, English Day ആചരണം | ക്ലാസ് റൂം പ്രവർത്തനങ്ങളോടൊപ്പം | ഇംഗ്ലീഷ് അധ്യാപകർ | | |
| 3) സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക<br>സ്വതന്ത്രമായ എഴുത്തിന് സജ്ജരാക്കുക | അക്ഷര കാർഡ് പദ കാർഡ്<br>വാക്യ നിർമ്മാണത്തിനുള്ള കാർഡുകൾ ഇംഗ്ലീഷ് പത്രവായന<br>News read competition | അക്കാദമിക വർഷം | ടീച്ചേഴ്സ്<br>പിടിഎ<br>SRG | | |
